"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് മുണ്ടൂർ എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. (മാത്സ്) ശ്രീമതി സബിത പി.നായർ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 8530/2024-ന്റെ 04.03.2024-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4384/2025/GEDN തീയതി,തിരുവനന്തപുരം, 02-07-2025

---

പരാമർശം:-

1. ശ്രീമതി സബിത പി.നായർ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 8530/2024-ന്റെ 04.03.2024-ലെ വിധിന്യായം
2. പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13.08.2024-ലെ AEOPKD/136/2024-B നമ്പർ കത്ത്
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07.10.2024-ലെ DEOPKD/1449/2024-B6 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.10.2024-ലെ ഇ.എം1/16950/2024/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് മുണ്ടൂർ എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. (മാത്സ്) ശ്രീമതി സബിത പി.നായർ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 8530/2024-ന്റെ 04.03.2024-ലെ വിധിന്യായത്തിൽ, ഹർജിക്കാരിയെയും മറ്റു ബന്ധപ്പെട്ടവരെയും കേൾക്കുന്നതിനും EXT P12 ഹർജി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും നാലാം എതിർകക്ഷിയായ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മുണ്ടൂർ എച്ച്.എസ്.എസ്. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധീനതയിൽ വരുന്ന സ്കൂളായതിനാലും, EXT P12 (Petition dated 07.12.2023) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04.09.2023-ലെ ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുള്ള ഹർജിയായതിനാലും ഹർജിക്കാരിയെയും മറ്റു ബന്ധപ്പെട്ടവരെയും ഉൾപ്പെടുത്തി 17.10.2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന ഹിയറിംങ് നടത്തുകയുണ്ടായി.

2) ഹർജിക്കാരിയായ ശ്രീമതി സബിത പി.നായർ ഇപ്രകാരം

അപേക്ഷിച്ചിരിക്കുന്നു:

"ഹർജിക്കാരി മുണ്ടൂർ ഹൈസ്കൂളിൽ 01.06.2010 മുതൽ നിയമനാംഗീകാരം ലഭിച്ചതിനെ തുടർന്ന് ഹർജിക്കാരി യു.പി. സ്കൂൾ ടീച്ചറായി ജോലി ചെയ്തു വന്നിരുന്നയാളാണ്. 02.06.2011 തിയ്യതി മുതൽ മേപ്പടി സ്കൂളിൽ ശ്രീ.ഉദയകുമാർ എന്ന അധ്യാപകൻ ലീവിൽപ്രവേശിച്ചതിനാൽ ഹർജിക്കാരിയെ ടി തസ്തികയിൽ എച്ച്.എസ്.ടി ഗണിതവിഭാഗത്തിൽ സ്കൂൾ മാനേജർ പ്രൊമോഷൻ നൽകി നിയമിച്ചിട്ടുള്ളതാണ്. 02.06.2011 മുതൽ 28.02.2012 വരെ ശ്രീ ഉദയകുമാർ എന്ന അധ്യാപകൻ ലീവിൽ പോയിട്ടുള്ളതും, പിന്നീട് 01.08.2012-ന് ടിയാൻ സ്വയം വിരമിക്കൽ വാങ്ങി സർവീസിൽനിന്നും ഒഴിവായി പോയിട്ടുള്ളതുമാണ്.

02.06.2011 തിയ്യതി ഹർജിക്കാരിയെ മേൽപ്രകാരം പ്രൊമോട്ട് ചെയ്യുന്നതിന് തൊട്ടു തലേദിവസം 01.06.2011-നു ശ്രീ.കെ.കൃഷ്ണകുമാർ എന്ന അധ്യാപകനെ സ്ഥിരം തസ്തികയിൽ എച്ച്.എസ്.ടി. (ഗണിതം-Additional Division) ആയി പ്രമോട്ട് ചെയ്ത് മാനേജർ നിയമിച്ചിരുന്നു. എന്നാൽ ടിയാന്റെ സ്ഥിരം തസ്തിക വിദ്യാഭ്യാസ വകുപ്പ് അംഗീകരിക്കാത്തതിനെ തുടർന്ന് ടിയാനെ മേല്പറഞ്ഞ ഉദയകമാറിന്റെ ലീവ് വേക്കൻസിയിലേക്ക് മാറ്റി നിയമിക്കുകയുമാണ് ഉണ്ടായത്. എങ്കിലും, ഹർജിക്കാരി നാളിതുവരെയ്ക്കും ഹൈസ്കൂൾ വിഭാഗത്തിൽ തന്നെ തുടരുകയാണ് ചെയ്തത്. പിന്നീട്, 12/12/2011 തിയ്യതി ശ്രീ ജയരാമൻ എന്ന ഹൈസ്കൂൾ ടീച്ചറെ (ഗണിതം) ഹയർ സെക്കൻഡറി വിഭാഗത്തിലേയ്ക്ക് വന്ന ഒഴിവിൽ പ്രൊമോഷൻ നൽകി മാനേജർ നിയമിച്ചിട്ടുള്ളതാണ്. ആ നിലയ്ക്ക് മേപ്പടി സ്കൂളിൽ ഒരു HST ഗണിതം സ്ഥിരം ഒഴിവ് 12.12.2011 മുതൽ നിലവിൽ വന്നിട്ടുള്ളതുമാണ്.

12/12/2011-ന് ശ്രീ ജയരാമൻ എന്ന അധ്യാപകന്റെ ഒഴിവ് വന്ന തസ്തികയിലേക്ക് മേൽപ്രസ്താവിച്ച ശ്രീ കൃഷ്ണകുമാർ എന്ന അധ്യാപകനെ മാറ്റി നിയമിച്ചുകൊണ്ട് മാനേജർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിന് ശേഷം 01/08/2012-ന് മുൻപ്രസ്താവിച്ച ശ്രീ ഉദയകുമാർ എന്ന അദ്ധ്യാപകൻ 01.08.2012-നു സ്വയം വിരമിക്കൽ എടുത്ത് സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്.

മേൽപ്രകാരം ശ്രീ.ഉദയകുമാർ വിരമിച്ച ഒഴിവിൽ റിവിഷൻ പെറ്റിഷണറെ 1/8/2012 മുതൽ എച്ച്.എസ്.ടി.(ഗണിതം) ആയി സ്ഥാനക്കയറ്റം നൽകി മാറ്റി നിയമിച്ച് ഉത്തരവായിട്ടുള്ളതും, മേപ്പടി ഉത്തരവുകൾ എല്ലാം തന്നെ

നിയമപ്രകാരമുള്ളതും, നിയമത്തിന്റെ പിൻബലമുള്ളതും, അതെല്ലാം ക്രമപ്രകാരവുമാകുന്നു. മേപ്പടി നടപടിക്രമങ്ങളിൽ യാതൊരുവിധ നിയമപ്രശ്നമോ, അപാകതയോ ആരോപിക്കാവുന്നതുമല്ല. തുടർന്ന്, 29.01.2016-ൽ സ.ഉ.(പി)നമ്പർ.29/2016/ജിഇഡിഎൻ ഉത്തരവ് പ്രകാരം ഹർജിക്കാരിക്ക് ടിയാളുടെ പ്രമോഷൻ തിയ്യതിയായ 02.06.2011 മുതൽ തന്നെ എച്ച്.എസ്.ടി (ഗണിതം) ആയി നിയമനം അംഗീകരിക്കപ്പെട്ടുകിട്ടുന്നതിന് അർഹതയും നിയപമപരമായ അവകാശവും ഉള്ളതാണ്. മാത്രവുമല്ല, ഹർജിക്കാരിക്ക് കെഇആർ ചാപ്റ്റർ 14 (A) ചട്ടം 4 3 അനുസരിച്ചുള്ള സംരക്ഷണവും ഉള്ളതും, അപ്പലേറ്റ് ഉത്തരവുകൾക്കായി കാത്തുനിൽക്കേണ്ടതില്ലെന്നും ടി ഉത്തരവ് പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതുമാണ്. എന്നാൽ, ഇക്കാര്യം ശരിയായി പരിഗണിക്കുന്നതിന് എതിർകക്ഷി തയ്യാറായിട്ടില്ലാത്തതുമാണ്.

മുണ്ടൂർ ഹയർ സെക്കൻഡറി സ്കൂളിൽ 01.01.2011 തിയ്യതിയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 1/6/2011-നും, 2/6/2011-നും നിലവിൽ വന്ന രണ്ട് എച്ച്.എസ്.ടി. (ഗണിതം) ഒഴിവുകളിലേക്ക് നിയമിക്കപ്പെടാൻ UPST ആയിരുന്ന ശ്രീ.കൃഷ്ണകുമാറും ഹർജിക്കാരിയുമാണ് അർഹതയുള്ളവരായിട്ടുള്ളത്. അതുപ്രകാരം സീനിയർ ആയ ശ്രീ.കൃഷ്ണകുമാറിനെ 1/6/2011 തിയ്യതിയിൽ വന്ന ഒഴിവിലേയ്ക്കും ഹർജിക്കാരിയെ 2/6/2011 തിയ്യതിയിൽ വന്ന ശ്രീ ഉദയകുമാറിന്റെ ലീവ് വേക്കൻസി ഒഴിവിലേയ്ക്കും നിയമിച്ചത് മേപ്പടി 29/1/2016-ലെ സ.ഉ.(പി)നമ്പർ 29/2016 പ്രകാരം നിയമപരമായി അനുവദിക്കപ്പെടേണ്ടതായിരുന്നു. അതിനു തുടർച്ചയായി 12/12/2011-ന് ശ്രീ. ജയരാമൻ H S S T (ഗണിതം) ആയി പ്രൊമോട്ട് ചെയ്ത സ്ഥിരം ഒഴിവിൽ HST(ഗണിതം)ആയി തുടരാനും ഹർജിക്കാരിക്ക് അവകാശമുണ്ട്. എന്നാൽ, ഈ രണ്ടു നിയമനങ്ങളും നാളിതുവരെയായും അംഗീകരിക്കപ്പെട്ടിട്ടില്ല. ശ്രീ കൃഷ്ണകുമാറിന്റെ 1/6/2011-ലെ നിയമനം അംഗീകരിച്ചു നൽകിയിരുന്നു എങ്കിലും ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കപ്പെട്ടില്ല. മേൽപ്രകാരം ഉത്തരവ് നമ്പർ 2 9 / 2 0 1 6 പ്രകാരം ശ്രീമതി സബിത പി. നായരുടെ പ്രമോഷൻ അനുവദിക്കാതിരിക്കാൻ എതിർകക്ഷി കണ്ടെത്തിയ കാരണങ്ങൾ ദുർബലവും, നിയമപ്രകാരം നിലനിൽക്കാത്തതുമാണ്.

a ) ഹർജിക്കാരിയെ നിയമിച്ചുകൊണ്ട് സ്കൂൾ മാനേജർ 2/6/2011 തിയ്യതിക്കും, 12/12/2011 തിയ്യതിക്കും പ്രൊപ്പോസലുകൾ ബോധിപ്പിച്ചിരുന്നതും, ആയത് ബി6/895/2016, ബി6/896/2016 എന്നീ നമ്പറുകളിലായി എതിർകക്ഷി ഫയലിൽ

സ്വീകരിച്ചിരുന്നതുമാണ്.

b ) ആയത് അനുവദിക്കണമെന്ന് അപേക്ഷിച്ച് 7-7-2021 തിയ്യതി ഹർജിക്കാരി എതിർകക്ഷിക്കും മാനേജർക്കും അപേക്ഷ നൽകിയിരുന്നു.

c ) ഹർജിക്കാരി മാനേജർക്ക് നൽകിയ അപേക്ഷ പ്രകാരം 13-8- 2016 തിയ്യതി ഉത്തരവ് നമ്പർ 35/2016 നമ്പറായി കെ.ഇ.ആർ. ചാപ്റ്റർ XIV A പ്രകാരം ലീൻ ഷിഫ്റ്റിങ് നടത്തികൊണ്ട് ഒരു നടപടിക്രമം (proceedings) പുറപ്പെടുവിച്ചിരുന്നതുമാണ്. ഈ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക് മാനേജർ പ്രമോഷൻ അനുവദിച്ചിരുന്നതും, ആയത് എതിർകക്ഷി നിയമപരമായി അംഗീകരിക്കേണ്ടതുമാകുന്നു. അപ്രകാരം ഹർജിക്കാരിയെ UPST-യിൽ നിന്നും സ്ഥാനക്കയറ്റം നൽകി HST [ഗണിതം] ആയി ലാവണം മാറ്റി (Lien Shifting) നിയമിക്കപ്പെടുവാൻ ഹർജിക്കാരിക്ക് നിയമപരമായി അവകാശമുള്ളതും, ആയത് നടപ്പിലാക്കുവാൻ സ്കൂൾ മാനേജ്മെന്റ് ബാദ്ധ്യസ്ഥവുമാണ്.

d ) മേൽപ്രകാരമുള്ള നടപടിക്രമം എതിർകക്ഷി നിരസിച്ചത് താഴെ പറയുന്ന കാരണത്താലാണ് :

"യാതൊരു അപ്പലേറ്റ് / റിവിഷൻ ഉത്തരവുകൾ ഇല്ലാതെയാണ് മാനേജർ ലാവണം മാറ്റി ഉത്തരവ് നൽകിയിരിക്കുന്നത്. ഉയർന്ന തസ്തികയിൽ ഒഴിവുകൾ പിന്നീട് വ്യവസ്ഥാപിതമായി കാണുമ്പോൾ ആയതിലേയ്ക്ക് മുൻകാല പ്രാബല്യത്തിൽ ലാവണം മാറ്റി ഉത്തരവാകുന്നത് ക്രമപ്രകാരമല്ല. 29/1/2016-ലെ ജി.ഒ.[പി) നമ്പർ 29/2016/ജി.ഡി.എൻ. പ്രകാരം ഈ ഷിഫ്റ്റ് ചെയ്ത നിയമനങ്ങൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല" എന്ന് പറഞ്ഞാണ്.

e ) എതിർകക്ഷിയുടെ മേൽപറഞ്ഞ വാദങ്ങൾ പ്രമോഷൻ സ്ഥാനക്കയറ്റം നൽകുന്ന കാര്യത്തിൽ നിലനിൽക്കത്തക്കതല്ല. പ്രമോഷൻ ലഭിക്കുക എന്നത് ഹർജിക്കാരിയുടെ അവകാശമാണ്. ആയത് തടസ്സപ്പെടുത്തുവാൻ പാടില്ലാത്തതാണ്. ആയത്, തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ട ഉടൻ മാനേജർ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ളതും, നടപ്പിലാക്കുകയുമാണ് ചെയ്തിട്ടുള്ളത്.

f) ഇക്കാര്യത്തിൽ ഹർജിക്കാരി ചോദ്യം ചെയ്യുന്നതായ ഉത്തരവിൽ എതിർകക്ഷി യാതൊരുവിധ mind-ഉം പ്രയോഗിക്കാതെ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി റദ്ദാക്കിയ 21/7/2021 തിയ്യതിയിലെ B6/3336/2021/K.DIS ഉത്തരവ് യാതൊരുവിധ കാരണങ്ങളും കാണിക്കാതെ അതേപടി പുറപ്പെടുവിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത്, നിയമപരമായി തെറ്റായതും, നിലനിൽക്കാത്തതുമാകുന്നു.

ആകയാൽ മേപ്പടി റിവിഷൻ ഹർജി അനുവദിച്ച് ഉത്തരവാകേണ്ടതും ആകുന്നു."

3) മാനേജരുടെ വാദം ചുവടെ ചേർക്കുന്നു

"ഹർജിക്കാരി മേപ്പടി മുണ്ടൂർ ഹൈസ്കൂളിലെ ഗണിതശാസ്ത്ര വിഭാഗത്തിൽ ഹൈസ്കൂൾ ടീച്ചറായി ജോലി ചെയ്തുവരുന്നയാളാണ്. 1/06/2010 മുതൽ നിയമനാംഗീകാരം ലഭിച്ചതിനെ തുടർന്ന് ഹർജിക്കാരി യു.പി. സ്കൂൾ ടീച്ചറായി ജോലി ചെയ്തു വന്നിരുന്നയാളാണ്. ആ നിലയ്ക്ക് ഹർജിക്കാരി KER ചാപ്റ്റർ 14 റൂൾ 43 പ്രകാരം പ്രൊമോഷൻ ലഭിക്കാൻ അർഹയാണ്. മുണ്ടൂർ ഹൈസ്കൂളിൽ 2011-12 അദ്ധ്യയനവർഷം വ്യവസ്ഥാപിതമായി രണ്ട് ഒഴിവുകളാണ് HST (ഗണിതം) വിഭാഗത്തിൽ ഉണ്ടായിരുന്നത്. 1/06/2011 മുതൽ ഒരു പൂതിയ ഡിവിഷൻ (New division), 2/06/2011 മുതൽ 28/02/2012 വരെ ശ്രീ.ഉദയകുമാർ എന്ന അദ്ധ്യാപകൻ ലീവിൽ പോയിട്ടുള്ളതിനുള്ള ഒഴിവും ആണ് ഉണ്ടായിരുന്നത്. ആയതിലേയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ 1/06/2011-ന് ശ്രീ. കെ. കൃഷ്ണകുമാറിനെയും (Additional division) 2/06/2011-ന് ശ്രീമതി സബിത പി.നായരെയും (റിവിഷൻ ഹർജിക്കാരി) മാനേജർ നിയമിച്ചു.

1-06-2021-ന് ശ്രീ. കെ. കൃഷ്ണകുമാറിന്റെ നിയമനം നിരസിച്ചു. അഡീഷണൽ ഡിവിഷൻ അംഗീകരിക്കാത്തതിനാലാണ് നിരസിച്ചത്. 2/06/2021-നുള്ള ഹർജിക്കാരിയുടെ നിയമനവും നിരസിക്കുകയും, 2/06/2021-നുള്ള വ്യവസ്ഥാപിത ഒഴിവിൽ ശ്രീ.കെ.കൃഷ്ണകുമാറിനെ മാറ്റി നിയമിച്ച് മാനേജർ അദ്ദേഹത്തിന്റെ പ്രൊമോഷനുള്ള റൂൾ 4 3 പ്രകാരമുള്ള ലീൻ ഉറപ്പാക്കുകയും ആയത് DEO അംഗീകരിച്ചിരുന്നതുമാണ്. പിന്നീട്, 12/12/2011 തിയ്യതി ശ്രീ.ജയരാമൻ എന്ന ഹൈസ്കൂൾ അദ്ധ്യാപകനെ (ഗണിതം) ഹയർ സെക്കൻഡറി വിഭാഗത്തിലേക്ക് വന്ന ഒഴിവിൽ പ്രമോഷൻ നൽകി മാനേജർ നിയമിച്ചിട്ടുള്ളതാണ്. ആ നിലയ്ക്ക് മേപ്പടി

സ്കൂളിൽ ഒരു H S T ഗണിതം സ്ഥിരം ഒഴിവ് 12/12/2011 മുതൽ നിലവിൽ വന്നിട്ടുള്ളതുമാണ്.

12.12.2011-ന് ശ്രീ. ജയരാമൻ എന്ന അദ്ധ്യാപകന്റെ ഒഴിവ് വന്ന തസ്തികയിലേക്ക് മേൽ പ്രസ്താവിച്ച ശ്രീ.കൃഷ്ണകുമാർ എന്ന അദ്ധ്യാപകനെ മാറ്റി നിയമിച്ചു കൊണ്ട് മാനേജർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അത് DEO അംഗീകരിച്ചു. 12/12/2011 മുതൽ ശേഷിക്കുന്ന ശ്രീ. ഉദയകുമാറിന്റെ ലീവ് ഒഴിവിലേക്ക് 28/02/2012 വരെ സബിത പി. നായർക്ക് പ്രൊമോഷൻ നൽകിയിരുന്നതും അത് ബഹുമാനപ്പെട്ട DEO അനുവദിച്ചിരുന്നതുമാണ്. അതിന് ശേഷം 1/08/2012-ന് മുൻ പ്രസ്താവിച്ച ശ്രീ ഉദയകുമാർ എന്ന അദ്ധ്യാപകൻ 1/08/2012-ന് സ്വയം വിരമിക്കൽ എടുത്ത് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്. 1/08/2012-ന് ഹർജിക്കാരിക്ക് സ്ഥിരം ഒഴിവിൽ മാനേജർ പ്രൊമോഷൻ നൽകുകയും അത് ബഹുമാനപ്പെട്ട DEO അംഗീകാരം നൽകിയിട്ടുമുണ്ട്.

മേൽ പ്രകാരം ശ്രീ. ഉദയകുമാർ വിരമിച്ച ഒഴിവിൽ റിവിഷൻ പെറ്റീഷണറെ 1/08/2012 മുതൽ എച്ച്.എസ്സ്.ടി.(ഗണിതം) ആയി സ്ഥാനക്കയറ്റം നൽകി മാറ്റി നിയമിച്ച് ഉത്തരവായിട്ടുള്ളതും, മേപ്പടി ഉത്തരവുകൾ എല്ലാം തന്നെ നിയമപ്രകാരമുള്ളതും, നിയമത്തിന്റെ പിൻബലമുള്ളതും, അവയെല്ലാം ക്രമപ്രകാരവുമാകുന്നു. മേപ്പടി നടപടിക്രമങ്ങളിൽ യാതൊരുവിധ നിയമപ്രശ്നമോ, അപാകതയോ ആരോപിക്കാവുന്നതുമല്ല.

1/08/2012-ലെ സ്ഥിതി വെച്ച് ശ്രീ.കെ.കൃഷ്ണകുമാർ 12/12/2011 മുതൽ ശ്രീ. ജയരാമന്റെ HSST പ്രൊമോഷൻ വേക്കൻസിയിലും 1/08/2012 മുതൽ ഹർജിക്കാരി ശ്രീ. ഉദയകുമാറിന്റെ വി.ആർ.എസ്സ് റിട്ടയർമെന്റ് വേക്കൻസിയിലും പ്രൊമോഷൻ ലഭിച്ച് സ്ഥിരനിയമനം ലഭിച്ച് തുടർന്ന് വരികയാണ്. അപ്രകാരമിരിക്കെ, 29/01/2016-ൽ സ.ഉ.(പി) നമ്പർ 29/2016/ജി.ഇ.ഡി.എൻ.ന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.കൃഷ്ണകുമാർ 1/06/2011 മുതലും ശ്രീമതി സബിത പി. നായർ 2/06/2011 മുതലും നിയമനാംഗീകാരം ലഭിക്കുവാൻ അർഹരാവുന്നു. ഇവർക്ക് കെ.ഇ.ആർ. ചാപ്റ്റർ 14(A ) ചട്ടം 4 3 അനുസരിച്ചുള്ള സംരക്ഷണമുള്ളതിനാൽ അർഹത ലഭിക്കുന്നു. മുണ്ടൂർ ഹയർ സെക്കൻഡറി സ്കൂളിൽ 1/01/2 0 1 1 തിയ്യതിയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 1/06/2011-നും, 2/06/2011-നും നിലവിൽ വന്ന രണ്ട് എച്ച്.എസ്സ്.ടി.(ഗണിതം) ഒഴിവുകളിലേക്ക് നിയമിക്കപ്പെടാൻ UPST ആയിരുന്ന ശ്രീ.

കൃഷ്ണകുമാറും ഹർജിക്കാരിയുമാണ് അർഹതയുള്ളവരായിട്ടുള്ളത്. അതുപ്രകാരം സീനിയർ ആയ ശ്രീ. കൃഷ്ണകുമാറിനെ 1/06/2011 തിയ്യതിയിൽ വന്ന ഒഴിവിലേക്കും ഹർ ജിക്കാരിയെ 2/06/2011 തിയ്യതിയിൽ വന്ന ശ്രീ. ഉദയകുമാറിന്റെ ലീവ് വേക്കൻസി ഒഴിവിലേക്കും നിയമിച്ചത് മേപ്പടി 29/01/2016-ലെ സ.ഉ.(പി)നമ്പർ.29/2016 പ്രകാരം നിയമപരമായി അനുവദിക്കപ്പെടേണ്ടതായിരുന്നു. അതിനു തുടർച്ചയായി 12/12/2011-ന് ശ്രീ.ജയരാമനെ HST (ഗണിതം) ആയി പ്രമോട്ട് ചെയ്ത സ്ഥിരം ഒഴിവിൽ HST (ഗണിതം) ആയി തുടരാനും ഹർജിക്കാരിക്ക് അവകാശമുണ്ട്.

29/16 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.കൃഷ്ണകുമാറിന്റെ 1/06/2011-ലെ പ്രൊപ്പോസലും ഹർ ജിക്കാരിയുടെ 2/06/2011-ലെ പ്രൊപ്പോസലും, ഹർ ജിക്കാരിയുടെ 12/12/2012 തിയ്യതിയിലെ ശ്രീ. ജയരാമൻ HSST പ്രൊമോഷൻ ആയതിലുണ്ടായ ഒഴിവിലേക്കുള്ള പ്രൊപ്പോസലും DEO-യിൽ മാനേജർ സമർപ്പിച്ചിരുന്നു. അവ യഥാക്രമം B6/893/2016 നമ്പറായും, ഹർജിക്കാരിയുടേത് യഥാക്രമം B6/895/2016, B6/896/2016 ആയും ബഹുമാനപ്പെട്ട D E O ഫയലിൽ സ്വീകരിച്ചിരുന്നതുമാണ്. എന്നാൽ ശ്രീ. കെ. കൃഷ്ണകുമാറിന്റെ നിയമനം അംഗീകരിക്കപ്പെടുകയും ശ്രീമതി സബിത പി.നായരുടെ നിയമനം നാളിതുവരെയായും അംഗീകരിക്കപ്പെടാതിരുന്നതുമാണ്.

ഈ വിവരം ചൂണ്ടിക്കാട്ടി ഹർജിക്കാരി മാനേജർക്കും ബഹുമാനപ്പെട്ട DEO-ക്കും പരാതി സമർപ്പിച്ചിരുന്നു. മാനേജർക്ക് ലഭിച്ച പരാതി പരിശോധിച്ച സമയം കെ.ഇ.ആർ. ചാപ്റ്റർ 14(A) ചട്ടം 43 പ്രകാരം ഹർജിക്കാരിക്ക് ലഭിക്കാൻ അർഹതയുള്ള പ്രൊമോഷൻ തടസ്സപ്പെടാൻ യാതൊരു കാരണവശാലും ഇടയാവരുതെന്നുള്ള കണ്ടെത്തലിൽ **(2009(2) KLT 828-promotion cannot be denied, 2011(3) KHC 275(DB)-promotion was delayed due to a mistake by the Government should be rectified with retrospective effect)** മാനേജർ 13/08/2018 തിയ്യതി മാനേജറുടെ ഉത്തരവ് നമ്പർ 35/2018 ആയി Lien Shifting നടത്തികൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും അത് ബഹുമാനപ്പെട്ട D E O മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നതുമാണ്. ഈ ഉത്തരവുകളെല്ലാം പരിഗണിക്കുന്നതിന് കാലതാമസം നേരിട്ടതിനെതുടർന്ന് ഹർജിക്കാരി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ബോധിപ്പിച്ച റിട്ട് ഹർജി നമ്പർ 23923/2021-ലെ 9/12/2021-ലെ വിധിന്യായപ്രകാരം ബഹുമാനപ്പെട്ട DEO

ബി6/5930/2021 തിയ്യതി 4/09/2023 ആയി ഒരു ഉത്തരവ് ഇറക്കിയിട്ടുള്ളതുമാണ്. ടി ഉത്തരവാണ് ഈ റിവിഷൻ ഹർജിക്ക് ആധാരമായിട്ടുള്ളത്. ഈ ഉത്തരവിൽ മാനേജർക്ക് ബോധിപ്പിക്കാനുള്ളത് താഴെ പ്രസ്താവിച്ചതായ കാര്യങ്ങളാണ്.

1. മാനേജർ ശ്രീ. കൃഷ്ണകുമാറിനെയും, ശ്രീമതി സബിത പി.നായരേയും നിയമിച്ച് 29/2016 സർക്കാർ ഉത്തരവിനനുസരിച്ച് പുനർസമർപ്പിച്ച നിയമനാംഗീകാര ഫയലിൽ ശ്രീ.കൃഷ്ണകുമാറിന്റെ B6/893/2016 നമ്പർ ഫയൽ തീർപ്പാക്കുകയും മറ്റ് രണ്ട് ഫയലുകൾ യഥാക്രമം B6/895/2016, B6/896/2016 എന്നിവയിൽ യാതൊരു ഉത്തരവും ലഭിക്കാതിരുന്നതുമാണ്. അത് ചൂണ്ടിക്കാട്ടിയിട്ടും ഈ ഫയലുകളെ സംബന്ധിച്ച നിജസ്ഥിതി വിവരം DEO-യുടെ ബി6/5930/2021 ഉത്തരവിൽ കാണുന്നില്ല. മാനേജറുടെ ഒരേ ദിവസത്തെ നടപടിയിൽ ഒരാൾക്ക് നിയമനം ലഭിക്കുകയും അർഹതയുണ്ടായിട്ടും മറ്റേ ആൾക്ക് അത് നിഷേധിക്കുകയും ചെയ്യുന്നത് നിയമവിരുദ്ധമാണ്.

2. തുടർന്ന്, കെ.ഇ.ആർ. ചാപ്റ്റർ 14 റൂൾ 43 പ്രകാരം മാനേജറിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് ഹർജിക്കാരിയുടെ ലീൻ ഷിഫ്റ്റ് പുനഃസ്ഥാപിക്കുന്നതിനായി സമർപ്പിച്ച ഉത്തരവ് നമ്പർ 35/2018 തിയ്യതി 13/08/2018, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വ്യക്തമായി നിർദ്ദേശമുണ്ടായിട്ടും പരിഗണിക്കാതിരുന്നതും നിയമവിരുദ്ധമാണ്. അർഹതപ്പെട്ട പ്രൊമോഷൻ തടസ്സപ്പെടുത്തുന്നതിനോ, വൈകിപ്പിക്കുന്നതിനോ അധികാരമില്ലെന്നുള്ള വസ്തുത പരിഗണിക്കപ്പെട്ടില്ല. അതിനായി ബഹുമാനപ്പെട്ട DEO ഉയർത്തിയ തടസ്സവാദം "മാനേജറുടെ ഉത്തരവ്, അപ്പലേറ്റ് ഉത്തരവുകളുടെയോ റിവിഷൻ ഉത്തരവുകളുടെയോ അഭാവത്തിൽ സ്വീകരിക്കാൻ കഴിയില്ല" എന്നുള്ളത് സർക്കാർ ഉത്തരവ് 29/2016-ന്റെ സത്തക്ക് വിരുദ്ധമാണ്. (DPI-യൂടെ എച്ച് 2/25706/2016/ഡി.പി.ഐ തിയ്യതി 13/04/2016 സർക്കുലറിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു).

3. റിവിഷൻ ഹർജിക്കാരിയുടെ അപേക്ഷ നിയമപ്രകാരവും വ്യവസ്ഥാപിതമായ ഒഴിവിലേക്ക് അർഹമായ പ്രൊമോഷൻ ആവശ്യപ്പെട്ടുമാണ്. സാങ്കേതിക കാരണം പറഞ്ഞ് തടസ്സപ്പെടുത്തുന്നത് നിയമവിരുദ്ധമാണ്.

4 . അപ്രകാരം ഹർജിക്കാരിക്ക് 2/06/2011 മുതലുള്ള നിയമനാംഗീകാരം

ലഭിക്കുന്നതിന് മേൽ പ്രസ്താവിച്ച പ്രകാരമുള്ള രണ്ട് പ്രൊപ്പോസലുകൾ പുനർസമർപ്പിക്കാൻ സർക്കാർ ഉത്തരവാകുന്ന പക്ഷം അവ പുനർസമർപ്പിക്കാൻ തയ്യാറാണ്. അതിനാൽ തന്നെ ഈ റിവിഷൻ ഹർജി അനുവദിക്കാവുന്നതാണ്."

4) പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:

"പാലക്കാട് ജില്ലയിലെ മുണ്ടൂർ ഹയർ സെക്കൻഡറി സ്കൂളിലെ യു.പി.എസ്.എ. ശ്രീമതി പ്രിൻസി എ. 02/06/2009 മുതൽ 01/06/2011 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ Leave Substitute UPSA ശ്രീമതി സബിത പി.നായർ-നെ 01/06/2010 മുതൽ 01/06/2011 വരെ മാനേജർ നിയമിച്ചു. ടി നിയമനം 11/10/2011-ലെ ബി6/5568/2011/കെ.ഡിസ് ഉത്തരവ് പ്രകാരം അംഗീകരിച്ചു. തുടർന്ന്, ടി സ്കൂളിലെ യു.പി.എസ്.എ. ആയ ശ്രീമതി കൃഷ്ണമ്മ സുജിത് 31/03/2011-ൽ വിരമിച്ച ഒഴിവിൽ 01/06/2011 മുതൽ ടിയാളെ നിയമിക്കുകയും ടി നിയമനം 05/11/2012-ലെ ബി6/4791/2011 ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തു. പിന്നീട് ടി സ്കൂളിലെ എച്ച്.എസ്.ടി.(മാത്സ്) ശ്രീ.ഉദയകുമാറിന്റെ 02/06/2011 മുതൽ 28/02/2012 വരെയുള്ള ശൂന്യവേതനാവധി ഒഴിവിൽ 12/12/2011 മുതൽ 28/02/2012 വരെ ടിയാളെ നിയമിക്കുകയും ടി നിയമനം 5.11.2012-ലെ ബി6/6940/2012/കെ.ഡിസ് ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തു. ശ്രീ.ഉദയകുമാർ സ്വയം വിരമിച്ചതുമൂലം 01.08.2012 മുതൽ ഉണ്ടായ ഒഴിവിൽ 01.08.2012 മുതൽ ടിയാളെ നിയമിക്കുകയും ടി നിയമനം 05.11.2012-ലെ ബി6/5734/2012 ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തു.

ശ്രീമതി സബിത പി. നായരുടെ 01.06.2011 മുതൽ UPST ആയി ലാവണം മാറ്റി കൊണ്ടുള്ള നിയമനം അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, 12/12/2011 മുതൽ 28/02/2012 വരെ HST MATHS ആയും 01.08.2012 മുതൽ HST MATHS ആയും ലാവണം മാറ്റി കൊണ്ടുള്ള നിയമനങ്ങളും അംഗീകരിച്ചിട്ടുണ്ട്. ഒരുതവണ 01.06.2011 മുതൽ UPSA ആയി ലാവണം അംഗീകരിച്ച കാലയളവിൽ HST MATHS ആയി വീണ്ടും ലാവണം മാറ്റി കൊണ്ട് മാനേജർ 10.08.2018-ൽ 35/2018 എന്ന ഉത്തരവ് നൽകുകയും അത് അംഗീകരിക്കാൻ 13.08.2018-ലെ കത്ത് പ്രകാരം മാനേജരും 07.07.2021-ലെ കത്ത് പ്രകാരം ശ്രീമതി സബിത പി.നായരും ആവശ്യപ്പെടുകയും ചെയ്തു. യാതൊരു അപ്പലേറ്റ് റിവിഷൻ ഉത്തരവുകൾ ഇല്ലാതെയാണ് മാനേജർ ലാവണം മാറ്റി ഉത്തരവ് നൽകിയിരിക്കുന്നത്. ഉയർന്ന തസ്തികയിൽ ഒഴിവുകൾ പിന്നീട്

വ്യവസ്ഥാപിതമായി കാണുമ്പോൾ അതിലേക്ക് മുൻകാല പ്രാബല്യത്തിൽ ലാവണം മാറ്റി ഉത്തരവാകുന്നത് ക്രമപ്രകാരമല്ല. കൂടാതെ, **02.06.2011** മുതൽ **28.02.2012** വരെയുള്ള ഒഴിവിനെ **02.06.2011** മുതൽക്കുള്ള ലഭ്യമായ ഒഴിവിൽ **01.06.2011** മുതൽക്കുള്ള നിയമനവും സ്ഥാനക്കയറ്റ ഒഴിവിലേക്ക് **12.12.2011** മുതൽക്കുള്ള നിയമനവും അംഗീകരിക്കാൻ **10.02.2016**-ന് സമർപ്പിച്ച അപേക്ഷകളും യാതൊരു അപ്പലേറ്റ്/റിവിഷൻ ഉത്തരവുകളുടെ അഭാവത്തിലാണ് സമർപ്പിച്ചിരിക്കുന്നത്. **29.01.2016**-ലെ ജി.ഒ. (പി) നം. **29/2016**/ജിഇഡിഎൻ പ്രകാരം ഈ ഷിഫ്റ്റ് ചെയ്തു നിയമനങ്ങൾ പരിഗണിക്കാൻ നിർവാഹമില്ലായെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

മേൽ വിശദമായ വസ്തുതകളുടെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിൽ ശ്രീമതി സബിത പി.നായരെ **01.06.2011** മുതൽ **HST MATHS** ആയി ലാവണം മാറ്റി നിയമിച്ചത് അംഗീകരിക്കണമെന്ന മാനേജരുടെ **13.08.2018**-ലെ കത്തിലേയും ശ്രീമതി സബിത പി.നായരുടെ **07.07.2021**-ലെ അപേക്ഷയിലെയും ആവശ്യം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഉയർന്ന തസ്തികയിൽ ഒഴിവുകൾ പിന്നീട് വ്യവസ്ഥാപിതമായി വരുമ്പോൾ അതിലേയ്ക്ക് മുൻകാല പ്രാബല്യത്തിൽ ലാവണം മാറ്റി ഉത്തരവാകുന്നത് ക്രമപ്രകാരമല്ലാത്തതിനാൽ ടിയാളുടെ നിയമനം പരിഗണിക്കാൻ നിർവാഹമില്ല. കൂടാതെ സ.ഉ. **29/2016** പ്രകാരം ഈ ഷിഫ്റ്റിംഗ് ചെയ്ത നിയമനങ്ങൾ പരിഗണിക്കാൻ നിർവാഹമില്ല"

**5** ) സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ എച്ച്.എസ്.ടി. (ഗണിതം) തസ്തികയിലെ സ്ഥാനക്കയറ്റനിയമനം **02.06.2011** മുതൽ അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി സ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി പ്രിൻസി എ.യുടെ ശൂന്യവേതനാവധി ഒഴിവിൽ ഹർ ജിക്കാരിയെ **01.06.2010** മുതൽ **01.06.2011** വരെ നിയമിക്കുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്കൂളിലെ യു.പി.എസ്.ടി. ശ്രീ. കൃഷ്ണകുമാർ കെ.യ്ക്ക് **2011-12** വർഷത്തെ പ്രതീക്ഷിത അധിക എച്ച്.എസ്.ടി.(മാത്സ്)

തസ്തികയിൽ 01.06.2011-ൽ നിയമനം നൽകുകയും നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

ടി സ്കൂളിൽ എച്ച്.എസ്.ടി.(മാത്സ്) ആയിരുന്ന ശ്രീ.കെ.ജയരാമന് എച്ച്.എസ്.എസ്.ടി. ആയി ബൈട്രാൻസ്ഫർ പ്രമോഷൻ നൽകിയതിനെ തുടർന്നുണ്ടായ എച്ച്.എസ്.ടി.(മാത്സ്) ഒഴിവിൽ ശ്രീ. കൃഷ്ണകുമാറിനെ 12.12.2011 മുതൽ മാറ്റി നിയമിക്കുകയും അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടി സ്കൂളിലെ എച്ച്.എസ്.എ. ശ്രീ.ഉദയകുമാർ ശൂന്യവേതനാവധി എടുത്തതിനെ തുടർന്ന് ടി ഒഴിവിൽ ഹർജിക്കാരിയെ 12.12.2011 മുതൽ 28.02.2012 വരെ നിയമിക്കുകയും അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ടി ഒഴിവിൽ ഹർജിക്കാരിയെ 2.6.2011 മുതൽ നിയമിച്ചു എന്നാണ് മാനേജർ റിപ്പോർട്ട് ചെയ്യുന്നത്.

ശ്രീ.ഉദയകുമാർ 31.07.2012-ൽ വിരമിച്ചതുമൂലമുണ്ടായ സ്ഥിരം ഒഴിവിൽ ഹർജിക്കാരിയെ എച്ച്.എസ്.ടി.(മാത്സ്) ആയി 01.08.2012 മുതൽ നിയമിക്കുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്കൂളിൽ 02.06.2011 മുതൽ നിലനിൽക്കുന്ന എച്ച്.എസ്.ടി.(മാത്സ്) ഒഴിവിൽ ഹർജിക്കാരിക്ക് നിയമനാംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി പരിഗണിക്കുന്നതിന് ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് മാനേജരോട് ആവശ്യപ്പെട്ടെങ്കിലും അവയൊന്നും ഇതുവരെയും സമർപ്പിച്ചിട്ടില്ലെന്നും, തുടർന്ന് മാനേജരും ഹർജിക്കാരിയും സമർപ്പിച്ച അപേക്ഷകളും ടിയാരിയുടെ സേവനപുസ്തകവും 2010, 2011, 2012 വർഷങ്ങളിലെ ഹാജർ പട്ടികകളും പരിശോധിച്ചതിൽ, 02.06.2009 മുതൽ 01.06.2011 വരെ യു.പി.എസ്.ടി. ശ്രീമതി പ്രിൻസി എ.യുടെ ശൂന്യവേതനാവധി ഒഴിവിലും, 01.06.2011 മുതൽ യു.പി.എസ്.ടി. ശ്രീമതി കൃഷ്ണമ്മ സുജിത് 31.03.2011-ൽ വിരമിച്ച ഒഴിവിലും, 12.12.2011 മുതൽ 28.02.2012 വരെ എച്ച്.എസ്.ടി.(മാത്സ്) ശ്രീ.ഉദയകുമാറിന്റെ ശൂന്യവേതനാവധി ഒഴിവിലും, 01.08.2012 മുതൽ എച്ച്.എസ്.ടി.(മാത്സ്) ശ്രീ.ഉദയകുമാർ സ്വയം വിരമിച്ച ഒഴിവിലും അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും, ഹർ ജിക്കാരിയുടെ സ്പാർക്കിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ടിയാൾ 01.06.2010 മുതൽ 11.12.2011 വരെ യു.പി.എസ്.ടി. ആയും 12.12.2011 മുതൽ 29.02.2012 വരെ എച്ച്.എസ്.ടി.(മാത്സ്) ആയും 01.03.2012 മുതൽ 31.07.2012 വരെ യു.പി.എസ്.ടി. ആയും 01.08.2012 മുതൽ എച്ച്.എസ്.ടി.(മാത്സ്) ആയി തുടരുന്നതായും കാണുന്നുണ്ടെന്നും, ഉയർന്ന

തസ്തികയിൽ ഒഴിവുകൾ വ്യവസ്ഥാപിതമാകുമ്പോൾ മുൻകാല പ്രാബല്യത്തിൽ ലാവണം മാറ്റി നൽകുന്നത് ക്രമപ്രകാരമല്ലെന്നും, അതിനാൽ ഹർജിക്കാരിയുടെ 01.06.2011 മുതൽ എച്ച്.എസ്.ടി.(മാത്സ്) ആയി ലാവണം മാറ്റി നിയമിച്ചത് അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച്, ഹർജിക്കാരി ഫയൽ ചെയ്ത WP(C)No.23923/2021-ന്റെ 09.12.2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു.

6) സ്പാർക്കിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനക്കാലയളവ് പരിശോധിക്കുമ്പോൾ ടിയാൾ 01.06.2010 മുതൽ 11.12.2011 വരെയും 01.03.2012 മുതൽ 31.07.2012 വരെയും യു.പി.എസ്.എ. ആയും 12.12.2011 മുതൽ 29.02.2012 വരെയും 01.08.2012 മുതലും എച്ച്.എസ്.എ.(മാത്സ്) ആയും തുടരുന്നു എന്നാണ് കാണുന്നത്. എച്ച്.എസ്.എ.(മാത്സ്) ആയി നിയമനാംഗീകാരം നൽകണമെന്ന് ഹർജിക്കാരി ആവശ്യപ്പെടുന്ന 02.06.2011 മുതൽ 11.12.2011 വരെയും 01.03.2012 മുതൽ 31.07.2012 വരെയുമുള്ള കാലയളവിൽ ടിയാൾ യുപിഎസ്എ. ആണ്. ടി കാലയളവിൽ അതായത്, 02.06.2011 മുതൽ 11.12.2011 വരെയുള്ള കാലയളവിൽ ഹർജിക്കാരിയെ ക്രമീകരിക്കുവാൻ ശ്രീ ഉദയകുമാറിന്റെ ശൂന്യവേതനാവധി ഒഴിവ് ലഭ്യമാണ്. 12.12.2011-ൽ ശ്രീ. കൃഷ്ണകുമാറിനെ എച്ച്.എസ്.ടി.(മാത്സ്) ആയിരുന്ന ശ്രീ.കെ.ജയരാമന് എച്ച്.എസ്.എസ്.ടി. ആയി ബൈട്രാൻസ്ഫർ പ്രമോഷൻ നൽകിയതിനെ തുടർന്നുണ്ടായ എച്ച്എസ്.ടി.(മാത്സ്) ഒഴിവിൽ മാറ്റി നിയമിച്ചപ്പോൾ ടിയാനെ 01.06.2011-ൽ നിയമിച്ചിരുന്ന അധിക എച്ച്.എസ്.ടി.(മാത്സ്) തസ്തികയിൽ 12.12.2011 മുതൽ ഒഴിവ് ഉണ്ടാകേണ്ടതാണ്.

7) ഉയർന്ന തസ്തികയിൽ ഒഴിവുകൾ പിന്നീട് വ്യവസ്ഥാപിതമായി വരുമ്പോൾ അതിലേയ്ക്ക് മുൻകാല പ്രാബല്യത്തിൽ ലാവണം മാറ്റി ഉത്തരവാകുന്നത് ക്രമപ്രകാരമല്ലെന്നാണ് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ വാദം. എന്നാൽ 02.06.2011 മുതൽ എച്ച്.എസ്.എ. തസ്തികയിൽ തുടർന്ന് വന്നിട്ടുള്ളതിനാൽ, ടിയാൾ എച്ച്.എസ്.എ.യായി ജോലി ചെയ്തതു പരിഗണിച്ച്, ഹർജിക്കാരിയുടെ എച്ച്.എസ്.ടി. (ഗണിതം) തസ്തികയിലെ സ്ഥാനക്കയറ്റനിയമനം 02.06.2011 മുതൽ അംഗീകരിച്ചു നൽകാവുന്നതാണ്.

8) മേൽ സാഹചര്യത്തിൽ ഹർജിക്കാരിയുടെ എച്ച്.എസ്.ടി. (ഗണിതം) തസ്തികയിലെ സ്ഥാനക്കയറ്റനിയമനം 02.06.2011 മുതൽ അംഗീകരിച്ചു

നൽകുന്നതിന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി എക്സിബിറ്റ് പി 1 2 റിവിഷൻ ഹർജി തീർപ്പാക്കി പാലക്കാട് മുണ്ടൂർ എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. (മാത്സ്) ശ്രീമതി സബിത പി.നായർ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 8530/2024-ന്റെ 04.03.2024-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**M RATHEESH**
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എച്ച്.എസ്.എസ്., മുണ്ടൂർ, പാലക്കാട്
ശ്രീമതി സബിത പി.നായർ, എച്ച്.എസ്.ടി. (മാത്സ്), എച്ച്.എസ്.എസ്., മുണ്ടൂർ, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (03.06.2025-ലെ GE-JA3/740/2024-G.EDN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 03-07-2025 11:16:26

സെക്ഷൻ ഓഫീസർ